**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1055** **30-06-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2024 ഓടെ എല്ലാ ഗ്രാമീണ വീട്ടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടാണ് ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം നടന്നു വരുന്നത്. സംസ്ഥാനത്ത് ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. 21 പഞ്ചായത്തുകളിൽ എല്ലാ വീട്ടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കുടിവെള്ള ഗുണനനിലവാര പരിശോധന സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 85 കുടിവെള്ള പരിശോധന ലാബുകളും സ്ഥാപിച്ചിട്ടുള്ളതിൽ 63 ലാബുകൾക്ക് എൻ.എ.ബി.എൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കുടുംബശ്രീയിലുൾപ്പെട്ട 5000-ൽ പരം വനിതകൾക്ക് ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധന നടത്തുവാനുള്ള പരിശീലനം നൽകുകയും കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അംഗണവാടികളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി വിവിധ തലങ്ങളിൽ നിരന്തരം വിലയിരുത്തുന്നുണ്ട്.<br><br>സംസ്ഥാനത്ത് പദ്ധതി നിർവഹണത്തിനായി സംസ്ഥാന-ജില്ലാ - ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും, ബഹു.സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തിയും, ചീഫ് സെക്രട്ടറി തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവഹണ പുരോഗതി, പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാരിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | 2022-23 വർഷത്തിൽ എത്ര ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിടുന്നതെന്നും എത്ര കണക്ഷനുകൾ കൂടി നൽകിയാൽ മിഷൻ ഉദ്ദേശ്യലക്ഷ്യത്തിലെത്തുമെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 2022-23 സാമ്പത്തിക വർഷം 32.96 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് (2021-22 വർഷത്തിൽ നൽകുവാൻ ഉദ്ദേശിച്ചിരുന്നതിൽ പൂർത്തീകരിക്കുവാൻ കഴിയാതെപോയ കണക്ഷനുകൾ കൂടി ഉൾപ്പെടുത്തിയാണ് 2022-23 വർഷത്തെ ലക്ഷ്യം നിശ്ചയിച്ചിട്ടുള്ളത്).ഇതിൽ 23-06-2022-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെ 29.50 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. സംസ്ഥാനത്ത് 41.19 ലക്ഷം ഗ്രാമീണ വീടുകളിൽ കൂടി കുടിവെള്ള കണക്ഷനുകൾ നൽകേണ്ടതായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമീണവീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിങ് കമ്മിറ്റിയുടെ അംഗീകാരം നല്കിയിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള 2024 വർഷത്തോടുകൂടി തന്നെ ലക്ഷ്യം പൂർത്തീകരിക്കത്തക്ക വിധത്തിലാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. |
| (സി) | ജലനിധി ഒന്നും രണ്ടും ഘട്ടങ്ങളിൽ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | (സി) | കെ.ആർ.ഡബ്ല്യൂ.എസ്സ്.എ മുഖേന പൂർത്തീകരിച്ച ജലനിധി പദ്ധതിയിലെ ചില കുടിവെള്ള പദ്ധതികൾ വിവിധ കാരണങ്ങളാൽ ഭാഗികമായോ, പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യം നിലവിൽ വിലയിരുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം സാമൂഹ്യ ഉടമസ്ഥതയിലുള്ള ഈ സ്കീമുകൾ പുനരുദ്ധരിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനു സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച "സുസ്ഥിരത പദ്ധതി" എന്ന പേരിൽ കെ.ആർ.ഡബ്ല്യൂ.എസ്സ്.എ മുഖേന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി ആകെ 1639 കുടിവെള്ള പദ്ധതികൾക്കായി 115 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ഇതിൽ തുടർനടത്തിപ്പ് |

| | | | |
|---|---|---|---|
| | | | നിയമാവലി അംഗീകരിച്ച ഗുണഭോക്തൃസമിതികളുടെ 1133 സ്കീമുകൾ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഏറ്റെടുക്കുകയും, ഇതുവരെ 768 പദ്ധതികൾ പുനരുദ്ധീകരിച്ച് ജലവിതരണം സുഗമമാക്കുകയും ചെയ്തു. ബാക്കിയുള്ള കുടിവെള്ളപദ്ധതികളിലെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചു വരുകയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 290 കുടിവെള്ള പദ്ധതികൾ കൂടി നവീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | ലക്ഷത്തിൽ |
|---|---|
| സംസ്ഥാനത്താകെയുള്ള ഗ്രാമീണ വീടുകളുടെ എണ്ണം | 70.68 |
| 01.04.2020 പ്രകാരം നിലവിലുണ്ടായിരുന്ന കണക്ഷനുകൾ | 17.5<br>(24.76%) |
| ജലജീവൻ മിഷൻ പദ്ധതിക്കു കീഴിൽ ഭരണാനുമതി നൽകിയത് | 52.9 |
| 2020-21 ൽ നൽകാൻ ലക്ഷ്യമിട്ടിരുന്ന കണക്ഷനുകളുടെ എണ്ണം | 21.42 |
| 2020-21 ൽ നൽകിയ കണക്ഷനുകളുടെ എണ്ണം | 4.04 |
| 2021-22 നൽകാൻ ലക്ഷ്യമിട്ടിരുന്ന കണക്ഷനുകളുടെ എണ്ണം<br>{(2020-21 ൽ നൽകാൻ ലക്ഷ്യമിട്ടിരുന്ന ബാക്കി കണക്ഷനുകളുടെ എണ്ണം ഉൾപ്പെടെ (21.42-4.04=17.38)} | 29.37 |
| 2021-22 നൽകിയ കണക്ഷനുകളുടെ എണ്ണം | 6.64 |
| JJM മുഖേന 22.06.2022 വരെ നൽകിയ ആകെ കണക്ഷനുകളുടെ എണ്ണം | 11.99 |
| ആകെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം (17.5+11.99) | 29.49 |
| വീടുകൾക്ക് നൽകിയ കുടിവെള്ള കണക്ഷനുകളുടെ ശതമാനം | 41.72% |